REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 13-02-2026 **സമയം** 12.30 AM

---

## പ്രധാന വാർത്തകൾ

- **പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടത്തിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ മാർച്ച് ഒൻപത് വരെ പിരിഞ്ഞു.**
- **ലോക റേഡിയോ ദിനത്തിൽ ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ശ്രോതാക്കൾക്കും റേഡിയോ പ്രവർത്തകർക്കും ആശംസ നേർന്നു.**
- **കൊല്ലത്ത് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പ്രഥമ ബിരുദദാന പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു.**
- **അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പരിപാടിയും മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ചയ്ക്ക് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **കൊളംബോയിൽ ICC ട്വന്റി 20 ലോകകപ്പിൽ ഓസ്ട്രേലിയ - സിംബാബ്‌വെ മത്സരം പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യഘട്ടത്തിൽ ലോക്സഭ മാർച്ച് ഒൻപത് വരെ പിരിഞ്ഞു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഒന്നാം ഘട്ടത്തിന്റെ അവസാന ദിവസവും സഭാ നടപടികൾ നിർത്തിവെയ്ക്കേണ്ടിവരികയായിരുന്നു.

ലോക്സഭയിൽ ചോദ്യോത്തര വേളയിൽ ഉന്നയിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ടായിരുന്നു പ്രതിപക്ഷത്തിന്റെ മുദ്രാവാക്യവും പ്രതിഷേധവും. സ്പീക്കറുടെ ചുമതല വഹിച്ച സന്ധ്യാറേ, അംഗങ്ങളോട് സംയമനം പാലിക്കാൻ ആവശ്യപ്പെട്ടെങ്കിലും അവർ ബഹളം തുടരുകയായിരുന്നു. ഇതേ തുടർന്നാണ് സഭ നിർത്തിവെച്ചത്.

✪✪✪

ഇന്ന് ലോക റേഡിയോ ദിനം. 1946 ഫെബ്രുവരി 13-ന് ഐക്യരാഷ്ട്ര സംഘടന റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ അനുസ്മരണമാണ് അംഗ രാജ്യങ്ങളിലെ റേഡിയോ ദിനാചരണം. "റേഡിയോയും നിർമ്മിതബുദ്ധിയും: AI ഉപകരണം മാത്രം - ശബ്ദമല്ല" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. സാങ്കേതിക വിദ്യ, പ്രക്ഷേപണത്തിന്റെ പിന്തുണയാണെന്നും മനുഷ്യ ശബ്ദത്തിന് ബദൽ അല്ലെന്നും ഓർമ്മപ്പെടുത്താനും ദിനാചരണം വഴിതെളിക്കുന്നു.

ബഹുജന ഹിതായ, ബഹുജന സുഖായ എന്ന മുദ്രാവാക്യത്തോടെ 1936 ലാണ് ആകാശവാണി പ്രവർത്തനം ആരംഭിച്ചത്. പ്രക്ഷേപണ ഭാഷകളുടെ എണ്ണത്തിലും ശ്രോതാക്കളുടെ വൈവിദ്ധ്യത്തിലും ലോകത്തെ മുൻനിര പ്രക്ഷേപണ സ്ഥാപനങ്ങളിൽ ഒന്നാണ് ആകാശവാണി. സ്വകാര്യ FM നിലയങ്ങളും പൊതു പ്രക്ഷേപണത്തെ പിന്തുണയ്ക്കുന്നുണ്ട്.

✪✪✪

ലോക റേഡിയോ ദിനത്തിൽ, ഉപരാഷ്ട്രപതി C.P.രാധാകൃഷ്ണൻ റേഡിയോ ശ്രോതാക്കൾക്കും പ്രക്ഷേപണത്തെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുന്നവർക്കും ആശംസ നേർന്നു.

ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയും പോഡ്കാസ്റ്റു കളിലൂടെയും പ്രക്ഷേപണം പരിണമിക്കുമ്പോൾ, തലമുറകളെ അറിയിക്കുകയും ബന്ധിപ്പിക്കുകയും ശബ്ദം നൽകുകയും ചെയ്യുന്നത് റേഡിയോ തുടരുന്നുവെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. റേഡിയോയുടെ പ്രസക്തിയും ഊർജ്ജസ്വലതയും, എല്ലാവർക്കും പ്രാപ്യമാക്കുന്ന കൂട്ടായ ശ്രമങ്ങൾ ആഘോഷിക്കാൻ ഉപരാഷ്ട്രപതി അഭ്യർത്ഥിച്ചു.

✪✪✪

റേഡിയോ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസ നേർന്നു. റേഡിയോയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പരിശ്രമങ്ങളെ അംഗീകരിക്കുന്നതിനാണ് ഈ ദിനം എന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ

കുറിച്ചു. ഗ്രാമങ്ങളിലും നഗരങ്ങളിലും ആളുകൾക്ക് വിശ്വസനീയമായ ശബ്ദമായി പ്രവർത്തിക്കുന്ന മാധ്യമമാണ് റേഡിയോ.

വർഷങ്ങളായി റേഡിയോ സമയബന്ധിതമായ വിവരങ്ങൾ നൽകുകയും കഴിവുകൾ വർദ്ധിപ്പിക്കുകയും സർഗ്ഗാത്മകതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജനങ്ങളുടെ സാമൂഹിക ശക്തി പുറത്തു കൊണ്ടു വരുന്നതിൽ റേഡിയോ വഹിക്കുന്ന പങ്ക്, മൻ കി ബാതിലൂടെ അനുഭവിച്ചറിഞ്ഞതായി നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ന്യൂഡൽഹിയിലെ സേവാ തീർത്ഥ് കെട്ടിട സമുച്ചയത്തിന്റെ നാമഫലകം പ്രധാനമന്ത്രി നരേന്ദ്രമോദി അൽപ്പസമയത്തിനകം അനാച്ഛാദനം ചെയ്യും. പ്രധാനമന്ത്രിയുടെ ഓഫീസ്, ദേശീയ സുരക്ഷാ കൗൺസിൽ സെക്രട്ടേറിയറ്റ്, കാബിനറ്റ് സെക്രട്ടേറിയറ്റ് തുടങ്ങിയവയാണ് സേവാ തീർത്ഥിൽ പ്രവർത്തിക്കുന്നത്. സുപ്രധാന മന്ത്രാലയങ്ങൾ ഉൾപ്പെടുന്ന കർത്തവ്യ ഭവൻ ഒന്നും, രണ്ടും പ്രധാനമന്ത്രി ഔപചാരികമായി ഉദ്ഘാടനം ചെയ്യും. വൈകീട്ട് സേവാ തീർത്ഥിൽ പൊതു പരിപാടിയെയും മോദി അഭിസംബോധന ചെയ്യും.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി രാജ്യത്തെ കർഷകരെ കുറിച്ച് ഒട്ടും ആശങ്കപ്പെടുന്നില്ലെന്ന് കേന്ദ്രമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാനും പീയുഷ് ഗോയലും കുറ്റപ്പെടുത്തി. കർഷക ശാക്തീകരണത്തെ രാഹുൽ ഗാന്ധിയ്ക്ക് അംഗീകരിക്കാനാകുന്നില്ലെന്നും ദേശവിരുദ്ധ പ്രസ്താവനകൾ അദ്ദേഹം ആവർത്തിക്കുകയാണെന്നും ചൗഹാൻ സാമൂഹിക മാധ്യമത്തിൽ കുറ്റപ്പെടുത്തി. നുണ പ്രചാരണത്തിൽ റെക്കോർഡിട്ട് ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കാനാണ് രാഹുൽ ഗാന്ധിയുടെ ശ്രമമെന്നും ചൗഹാൻ, പറഞ്ഞു.

വ്യാജ പരാമർശങ്ങളിലൂടെ കർഷക സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനും പ്രകോപിപ്പിക്കാനും രാഹുൽഗാന്ധി ശ്രമിക്കുകയാണെന്ന് സാമൂഹിക മാധ്യമത്തിൽ പീയുഷ് ഗോയൽ ആരോപിച്ചു.

✪✪✪

ഇന്ന് ദേശീയ വനിതാ ദിനം. ഇന്ത്യയുടെ വാനമ്പാടി എന്നറിയപ്പെടുന്ന സ്വാതന്ത്ര്യ സമര സേനാനിയും കവയിത്രിയുമായ സരോജിനി നായിഡുവിന്റെ ജന്മദിനത്തോട് അനുബന്ധിച്ചാണ് ഈ ദിനം ആചരിക്കുന്നത്. സ്ത്രീ ശാക്തീകരണം, സാമൂഹിക സമത്വം, സരോജിനി നായിഡുവിന്റെ സംഭാവനകൾ എന്നിവ വനിതാദിനത്തിൽ അനുസ്മരിക്കും.

✪✪✪

ദേശീയ വിദ്യാഭ്യാസ നയം ക്ലാസ്സ്മുറിക്കുള്ളിലെ പഠനം മാത്രമല്ലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിപ്രായപ്പെട്ടു. ചില ആളുകൾക്ക് വേണ്ടിയോ മതങ്ങൾക്ക് വേണ്ടിയോ അല്ല പുതിയ വിദ്യാഭ്യാസ നയമെന്നും അദ്ദേഹം പറഞ്ഞു. കൊല്ലത്ത് ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ പ്രഥമ ബിരുദദാനം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ.

✪✪✪

അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും സൗജന്യ കൈത്തറി യൂണിഫോം വിതരണ പരിപാടിയും മുഖ്യമന്ത്രി പിണറായി വിജയൻ അൽപ്പസമയത്തിനകം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. പട്ടം സെന്റ് മേരീസ് സ്കൂളിലാണ് ചടങ്ങ്. ഒന്നു മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളാണ് വിതരണം ചെയ്യുന്നത്.

✪✪✪

സംസ്ഥാനതല തദ്ദേശ ദിനാഘോഷത്തിന് വൈകീട്ട് കണ്ണൂർ ആന്തൂരിൽ തുടക്കമാവും. ആഘോഷത്തിന്റെ ഭാഗമായ ഹാപ്പിനസ് ഫെസ്റ്റിവൽ നഗരസഭാ സ്റ്റേഡിയത്തിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാനത്തെ വോട്ടർപ്പട്ടിക തീവ്രപരിഷ്കരണ നടപടികൾ അന്തിമഘട്ടത്തോട് അടുക്കുന്നു. തിരുവനന്തപുരം, എറണാകുളം, കോട്ടയം, ആലപ്പുഴ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഹിയറിങ്ങ് 100% പൂർത്തിയാക്കി. മറ്റു ജില്ലകളിൽ നടപടികൾ ഇന്ന് പൂർത്തിയാകും. 101 നിയോജക മണ്ഡലങ്ങളിൽ ഇതിനകം ഹിയറിങ്ങ് പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ.രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ നയിക്കുന്ന വടക്കൻ മേഖലാ വികസന മുന്നേറ്റ ജാഥ അല്പസമയത്തിനകം തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട്ട് നിന്നാരംഭിച്ചു. താനൂർ, തിരൂർ, പൊന്നാനി മണ്ഡലങ്ങളിൽ ഇന്ന് പര്യടനം നടത്തും. നാളെ തവനൂർ മണ്ഡലത്തിൽ എടപ്പാളിലെ സ്വീകരണത്തിന് ശേഷം പാലക്കാട് ജില്ലയിലേക്ക് ജാഥ പ്രവേശിക്കും.

✪✪✪

പ്രതിപക്ഷ നേതാവ് VD സതീശൻ നയിക്കുന്ന പുതുയുഗ യാത്ര ഇന്നും നാളെയും മലപ്പുറം ജില്ലയിൽ പര്യടനം നടത്തും. 12 കേന്ദ്രങ്ങളിലാണ് യാത്രയ്ക്ക് സ്വീകരണം ഒരുക്കുന്നത്. വൈകിട്ട് മലപ്പുറത്ത് ഇന്നത്തെ യാത്ര സമാപിക്കും. നാളെ വേങ്ങരയിൽ നിന്ന് യാത്ര പുന:രാരംഭിക്കും.

✪✪✪

മന്ത്രി VN വാസവനെതിരെ അവകാശലംഘന നോട്ടീസ് നൽകുമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തല ആലപ്പുഴയിൽ പറഞ്ഞു. അയ്യപ്പ സംഗമത്തിന്റെ കണക്കിൽ നിയമസഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നാരോപിച്ചാണ് നീക്കം. നടത്താത്ത ഭജനയുടെ പേരിൽ പോലും മന്ത്രി VN  വാസവൻ  ബില്ലുണ്ടാക്കിയെന്ന് ചെന്നിത്തല കുറ്റപ്പെടുത്തി.

ഈ സാഹചര്യത്തിൽ മന്ത്രി രാജിവയ്ക്കുകയാണ് വേണ്ടതെന്നും ചെന്നിത്തല പറഞ്ഞു.  പ്രതിപക്ഷ നേതാവ് VD സതീശന്റെ പുതുയുഗ  യാത്ര വൻ വിജയമാണെന്നും,  ഒരു മനസ്സോടെ കോൺഗ്രസും UDF ഉം മുന്നോട്ട് പോവുകയാണെന്നും ചെന്നിത്തല വ്യക്തമാക്കി.

✪✪✪

കൊളംബോയിൽ ICC ട്വന്റി 20 ലോകകപ്പിൽ  ഓസ്ട്രേലിയ - സിംബാബ്‌വെ മത്സരം പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 17.5 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ സിംബാബ്‌വെ 146 റൺസെടുത്തു.

ഡൽഹിയിൽ  ഗ്രൂപ്പ്  D യിൽ കാനഡ, UAE യെ ഉച്ചകഴിഞ്ഞ് മൂന്നിന് നേരിടും.

വൈകീട്ട് ഏഴിന് ഗ്രൂപ്പ് A യിൽ USA, നെതർലന്റ്സുമായി മത്സരിക്കും. ചെന്നൈയിലാണ് മത്സരം.

✪✪✪

അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന്റെ സമ്മേളന നഗരിയിലേക്ക് ചട്ടമ്പിസ്വാമികളുടെ മഹാസമാധി ഇടമായ പന്മന ആശ്രമത്തിൽ നിന്ന് ജ്യോതിപ്രയാണം ആരംഭിച്ചു. ആശ്രമത്തിലെ കെടാവിളക്കിൽ നിന്ന് പകർന്ന ദീപം മഠാധിപതി ബ്രഹ്മശ്രീ കൃഷ്ണമയാനന്ദ തീർത്ഥപാദസ്വാമികൾ, ഹിന്ദുമത മഹാമണ്ഡലം പ്രസിഡന്റ് PS നായർക്ക് കൈമാറി.

മറ്റന്നാൾ ചെറുകോൽപ്പുഴയിലെത്തിക്കുന്ന ദീപം സമ്മേളനവേദിയിലെ കെടാവിളക്കിലേക്ക് പകരും.

✪✪✪

പത്തനംതിട്ട ഓമല്ലൂർ  മഞ്ഞനിക്കര പെരുന്നാളിന് നാളെ സമാപനമാകും.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ ....

.....(വോയ്സ് ).....

✪✪✪

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കോഴിക്കോട് -വയനാട് ജില്ലകളിലെ  ഒറ്റത്തവണ തീർപ്പാക്കൽ അദാലത്ത് നാളെ കോഴിക്കോട്ട് സംഘടിപ്പിക്കും.  കോഴിക്കോട്, വയനാട് മേഖല ഓഫീസിൽ നിന്ന് വായ്പ എടുക്കുകയും തിരിച്ചടവ്  മുടങ്ങിയവർക്കും വേണ്ടിയാണ് അദാലത്ത്. കിഴക്കേ നടക്കാവിലെ  അദാലത്ത് രാവിലെ  മന്ത്രി V അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്യും.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ സന്നിധാനത്ത് പ്രത്യേക അന്വേഷണസംഘത്തിന്റെ നേതൃത്വത്തിൽ ശാസ്ത്രീയ പരിശോധന തുടരുന്നു. കുംഭമാസ പൂജകൾക്കായി നട തുറന്നതിന് പിന്നാലെയാണ് സ്വർണ്ണപാളികളിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ചു തുടങ്ങിയത്.  ലീഗൽ മെട്രോളജി ഗോൾഡ് അസസ്മെന്റ് വിഭാഗവും SIT ക്കൊപ്പമുണ്ട്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,920 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 14,240 ലെത്തി. 14,280 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

തിരുവല്ല സ്പാ കൂട്ട ബലാത്സംഗക്കേസിലെ ഏഴാം പ്രതിയും അറസ്റ്റിലായി. തിരുവല്ല മഞ്ഞാടി സ്വദേശി ഷിന്റോ P  സണ്ണി ആണ് ചങ്ങനാശേരിയിൽ നിന്ന് പിടിയിലായത്.

✪✪✪

---

*News Editor : ശ്രുതി*
*News Reader: ശരണ്യ രാജൻ*
*NRTS : അനിൽ ചന്ദ്രൻ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*